(സി) എയിഡഡ് സ്കൂളുകളിൽ ഇങ്ങനെയുള്ള യാത്രാബത്തകളും മെയിന്റനൻസ് ഗ്രാന്റിൽനിന്നും മാനേജർ കൊടുക്കേണ്ടതാകയാൽ മറിച്ചൊരു തീരുമാനം എടുക്കുവാൻ ബുദ്ധിമുട്ടുണ്ട്.

അപ്ഗ്രേഡ് ചെയ്യുന്ന പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്റർമാർ

1289 [2066] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൈസ്കൂളുകളായോ യു. പി. സ്കൂളുകളായോ ഉയർത്തപ്പെടുന്ന പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്റർമാർ . അസിസ്റ്റന്റുമാരായി മാറുമ്പോഴും ഹെഡ്മാസ്റ്റർ സ്കെയിലിൽ സംരക്ഷണംനൽകി നില നിർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

ബിരുദധാരികളല്ലാത്ത യു. പി. സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് യു. പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തുമ്പോൾ അവർ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരായി വാങ്ങിയ ശമ്പളം സംബന്ധിച്ച് സംരക്ഷണം നൽകുന്നുണ്ട്.

കെയർ ഫീഡിംഗിനുള്ള ചെലവ്

1290 [2067] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാലയങ്ങളിൽ കെയർ ഫീഡിംഗിന് ഇന്നനുവദിച്ചിട്ടുള്ള പാചകച്ചെലവും ട്രാൻസ്പോർട്ടിംഗ് ചാർജ്ജും എത്രയാണ്;

(ബി) അവ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാചകച്ചെലവ്, പാകപ്പെടുത്തിയ സാധനത്തിന് പൗണ്ടിന 3.4 പൈസ എന്ന നിരക്കിലാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്.

കോൺട്രാക്ടർമാർ വഴിയാണ് സബ്ഡിപ്പോയിൽനിന്നും സ്കൂളുകളിലേക്ക് സാധനങ്ങൾ വിതരണം നടത്തിവരുന്നത്. ടെണ്ടർ വിളിച്ചാണ് കരാർ നൽകുന്നത്. മരാമത്തുവകുപ്പിൽ നിലവിലിരിക്കുന്ന ഷെഡ്യൂൾ നിരക്ക് കണക്കിലെടുത്താണ് കോൺട്രാക്ട് നൽകിവരുന്നത്.

(ബി) മരാമത്തുവകുപ്പ് അവരുടെ ഷെഡ്യൂൾ രണ്ടുവർഷത്തിലൊരിക്കൽ പുതുക്കാറുണ്ട്. അതനുസരിച്ച് കെയർ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചെലവിലും വ്യത്യാസം വരാറുണ്ട്.

പാചകച്ചെലവിനുള്ള നിരക്ക് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly